# പതിനാലാം കേരളനിയമസഭ
## നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.85</u> <u>27/02/2017-ൽ മറുപടിക്ക്</u>

# <u>കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ്<br>,, വി.പി.സജീന്ദ്രൻ<br>,, ഹൈബി ഈഡൻ<br>,, അൻവർ സാദത്ത് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി പൂർണ്ണമായും യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ; | എ) & ഡി) | മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രണ്ട് യോഗങ്ങൾ ഇതിനകം കൂടുകയും, പദ്ധതി പ്രവർത്തനം വിലയിരുത്തുകയും, സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനുളള കർമ്മ പരിപാടി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്മാർട്ട് സിറ്റി നിർമ്മാണം തടസ്സപ്പെടുത്തുന്ന 23 കാര്യങ്ങൾ സ്മാർട്ട് സിറ്റി അധികൃതർ ഉന്നയിച്ചിരുന്നു. ഈ തർക്കത്തെ തുടർന്ന് സ്മാർട്ട് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലായിരുന്നു. ഈ സർക്കാർ ഇത് പരിശോധിച്ച് frame work agreement പ്രാബല്യത്തിൽ വന്ന തീയതി നിജപ്പെടുത്താൻ സ്മാർട്ട് സിറ്റിയുടെയും Tecom Investment FZ-LCC ദുബായ് കമ്പനിയുടെയും കേരള സർക്കാരിന്റെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു മൂന്നംഗ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി യോഗം ചേർന്ന് ഈ 23 പ്രശ്നങ്ങളിലും ധാരണയിലെത്തുകയും 13/05/2007-ൽ ഒപ്പിട്ട |
| ഡി) | സ്മാർട്ട് സിറ്റി പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | frame work agreement-ന്റെ closing തീയതിയായി SEZ Notification വന്ന ദിവസം പരിഗണിക്കാമെന്നും, ഈ തീയതിയിൽ നിന്ന് 10 വർഷം പൂർത്തിയാകുന്ന 2021-ഓട് കൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാമെന്നും സ്മാർട്ട് സിറ്റി ഉറപ്പ് നല്കിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പൂർണ്ണമാക്കുന്നതിന് ഇനി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുണ്ട്; വിശദമാക്കുമോ; | (ബി) | സ്മാർട്ട് സിറ്റി പദ്ധതിയുടെ രണ്ടാം ഘട്ടത്തിലെ 90 ലക്ഷം sq.ft വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെയും 3500 വിദ്യാർത്ഥികൾക്കായുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സ്കൂളിന്റെയും നിർമ്മാണം പുരോഗമിച്ചു വരുന്നതായും, പുതിയ ഓഫീസ് സ്പെയ്സ് 2018 അവസാന പാദത്തിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായും സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്തേയ്ക്ക് സർക്കാർ നിർമ്മിച്ച് നല്കേണ്ടുന്ന പുതിയ റോഡുകൾ മെട്രോ കണക്ടിവിറ്റി, എന്നിവ സമയബന്ധിതമായി പൂർത്തികരിക്കേണ്ടതുണ്ടെന്ന് സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. |
| സി) | എത്ര തൊഴിലവസരങ്ങളാണ് ഈ പദ്ധതി മൂലം പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | സി) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച് സർക്കാരും ടീകോമും തമ്മിൽ 13.05.2007-ൽ ഒപ്പുവച്ച ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം closing തീയതി മുതൽ 10 വർഷത്തിനകം 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന തൊഴിലവസരങ്ങളുടെ മുന്നിരട്ടിയിൽ അധികം |

| | | | |
|---|---|---|---|
| | | | നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിൽ സ്മാർട്ട് സിറ്റിയിൽ ആയിരം പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. ഈ വർഷാവസാനത്തോടെ ആകെ 5500 പേർക്ക് തൊഴിൽ നല്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**